(ബി) കേരളത്തിൽ വളരെ കാലമായി പ്രതിരോധ കുത്തിവയ്പുകൾ കൊണ്ട് അപ്രത്യക്ഷമായിരുന്ന ഡിഫ്ത്തീരിയ എന്ന രോഗം, മലപ്പുറം ജില്ലയിൽ ഇപ്പോൾ വന്നത് രോഗപ്രതിരോധ കുത്തിവയ്പുകൾ എടുക്കാത്ത കുട്ടികളിലാണ്. ഡിഫ്ത്തീരിയ കുട്ടികളിൽ വാക്സിൻമൂലം തടയുവാൻ കഴിയുന്ന ഒരു രോഗമാണ്. അതുകൊണ്ട് തന്നെ ഈ രോഗം അധികം ഉണ്ടാകാറില്ല. മലപ്പുറം ജില്ലയിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളജിൽ ഡിഫ്ത്തീരിയക്കെതിരെയുള്ള വാക്സിൻ ലഭ്യമാണ്. കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജിലും പ്രസ്തുത വാക്സിൻ ലഭ്യമാണ്.

(സി) മലപ്പുറം ജില്ലയിൽ ഡിഫ്ത്തീരിയ ഔട്ട് ബ്രേക്കുണ്ടായത് രണ്ട് യത്തീംഖാനകളിലാണ്. രോഗം റിപ്പോർട്ട് ചെയ്തയുടനെ തന്നെ രണ്ട് സ്ഥാപനങ്ങളിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള വിദഗ്ധ ആരോഗ്യസംഘം സന്ദർശിക്കുകയും സ്ക്രീനിംഗ് നടത്തി സംശയാസ്പദമായി കണ്ട കുട്ടികളെ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റി. മറ്റ് കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പും Prophylaxis antibiotic-ഉം നൽകുകയും ചെയ്തു. സ്ഥാപന ത്തിന്റെ ചുറ്റിലുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ, രോഗ ബാധിതരായ കുട്ടികളുടെ വീട്ടിലുള്ളവർക്കും പരിസരവാസികളിലും കുത്തിവയ്പ് എടുക്കാത്തവർക്ക് പ്രതിരോധ കുത്തിവയ്പുകൾ, മരുന്നുകൾ എന്നിവ നൽകി. ഇതുകൂടാതെ ദീർഘകാല പദ്ധതിയായി ജില്ലയിലെ 0-16 വയസ്സുള്ള, ഭാഗികമായോ പൂർണ്ണമായോ പ്രതിരോധ കുത്തിവയ്പ് എടുക്കാത്ത കുട്ടികൾക്ക് ഡി.ടി.വാക്സിൽ നൽകുന്നതിന് അനുമതി നൽകുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ഡി) രോഗപ്രതിരോധ വാക്സിൻ ലഭ്യമാണ്. കുട്ടികളുടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കെതിരെ വ്യാജപ്രചരണം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചുകൊണ്ട് ജനങ്ങളുടെ ആശങ്ക അകറ്റിയാൽ മാത്രമേ ഈ പദ്ധതി വിജയിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പോസ്റ്റ് ക്രിയേഷൻ

45 (2319) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച് നൽകിയിരുന്ന പുതിയ പ്രൊപ്പോസൽ (ഫയൽ' നമ്പർ 221/ എം2/2016/എച്ച്&;എഫ്.ഡബ്ലു) പ്രകാരം സമർപ്പിച്ചിരുന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഫയൽ നമ്പർ 13344/2012-ൽ ആവശ്യപ്പെട്ടിരുന്ന കാര്യങ്ങൾ ഡി എച്ച് എസ്-ൽ നിന്നും ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഫയലിൽ അകാരണമായി താമസം വരുത്തുന്നുവെന്ന കാര്യം പരിശോധിക്കുമോ?

GPM. 2/236/2020-18

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുറവിലങ്ങാട് താലൂക്കാശുപത്രിയിലെ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച സർക്കാർ ഫയൽ നം. 13344/എം.1/2013/ ആ.കു.വ. ആണ്. മേൽ ഫയലിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടാണ് 221/എം1/16/H&FWD. ടി റിപ്പോർട്ട് പൂർണ്ണമല്ലാത്തതിനാൽ അധികവിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ (13344/എം1/2013) അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ധനകാര്യവകുപ്പിന് നൽകിയപ്പോൾ പ്രസ്തുത വകുപ്പ് ചില അധികവിവരങ്ങൾ ആരാഞ്ഞു. ടി അധികവിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയെങ്കിലും (221/എം1/16) പൂർണ്ണമല്ലാത്തതിനാൽ വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആരോഗ്യവകുപ്പ് ഡയറക്ടർ പൂർണ്ണമായ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി

46 (2320) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയുടെ ഉടമസ്ഥതയിലുള്ള 110 ഏക്കറിൽ ആശുപത്രിയുടെ ആവശ്യത്തിലധികമുള്ള സ്ഥലത്ത് ആരോഗ്യ മേഖലയിലെ പ്രധാനപ്പെട്ട ഏതെങ്കിലും വികസന പദ്ധതി നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലത്ത് സംസ്ഥാനത്തിനാകെ മുതൽക്കൂട്ടാവുന്ന തരത്തിൽ ഒരു ആരോഗ്യകേന്ദ്രം സ്ഥാപിക്കുന്നതടക്കമുള്ള വികസന പദ്ധതികൾ നടപ്പിലാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?